

# ബഥേൽപത്രിക

...ം മൂന്ന്　　ആഗസ്റ്റ് 1990　　ലക്കം എട്ട്

ല റം
സംബ...
...ായ...

In due season we shall reap if we faint not.
Gal. 6:9



**ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്നത്**

ബൈബിൾ ക്വിസ്
—ഷാബു മാമ്മൻ

ഇടയലേഖനം
—മെത്രാപ്പോലീത്താ

സമുദായ കേസ് വിധി

കാവ്യസങ്കീർത്തനം 2 (കവിത)
—ചാണ്ടപ്പിള്ള പി. സാം

സഭയും വേദപുസ്തകവും
—ഡാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

വിനയം
—ഉണ്ണിഏട്ടൻ

ക്രിസ്ത്യാനി (ഒരു ലഘുപഠനം)
—സി.എം. തങ്കച്ചൻ

ധ്യാന പംക്തി
—ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

Is God Your Priority ?
—George P. Koshy

ഭദ്രാസനവാർത്തകൾ

മദ്യവും മനുഷ്യനും
—ഡോ. തോമസ് വർഗീസ്

ചീഫ് എഡിററുടെ കത്ത്

# ബഥേൽ പത്രിക

★

ആഗസ്റ്റ് 1990

രക്ഷാധികാരി

നി. വ. ദി ശ്രീ.
തോമസ് മാർ അത്താനാസി
യോസ് എപ്പിസ്കോപ്പാ

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവേൽ ചന്ദനപ്പള്ളി
3 സഭാ കവി സി. പി. ചാണ്ടി
4 റവ ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി. ജി. ജോർജ്ജ്
2 റവ. ഫാ. കെ. വി. ഗീവർഗ്ഗീസ്
3 റവ. ഫാ. പി. സി. തോമസ്
4 റവ. ഫാ. മാത്യു കോശി
5 ശ്രീ. M.A. ജേക്കബ് മാമ്മൂട്ടിൽ
6 ശ്രീ. കെ. ഇ. ഏബ്രഹാം
7 പ്രൊഫ. റവ. ജെ. മാത്യു
Hon: Chief Editor

**സർക്കുലേഷൻ മാനേജർ**

ശ്രീ പി. കെ. കോരുത്


## ബൈബിൾ ക്വിസ്

ഷാബു മാമ്മൻ

### ചോദ്യങ്ങൾ

1 'സേലാ' അവസാനം പ്രയോഗിച്ചിരിക്കുന്ന പുസ്തകം?
2 പഴയനിയമത്തിലെ അവസാന[illegible] പുസ്തകം ?
3 അബ്രഹാമിന്റെ ആയു[illegible]ലം ?
4 ഇരട്ട മക്കളെ പ്രസവ[illegible] ആദ്യത്തെ സ്ത്രീ ?
5 'വിലാപങ്ങൾ' എഴുതിയതാര്?
6 ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവന് കൊള്ളായിരുന്നു. ആര്?
7 'ഇടവിടാതെ പ്രാർത്ഥിപ്പിൻ' എന്ന പറഞ്ഞതാര് ?
8 വി. കർബാനയിലെ പാപപരിഹാര ഗീതം?
9 തുബ്ദേൻ എന്ന വാക്കിന്റെ അർത്ഥം?
10 വിശു. കർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പങ്ങൾ?

### ഉത്തരങ്ങൾ

1 ഹബക്കൂക് (3)
2 മലാഖി
3 175 (ഉല്പത്തി 25:7)
4 റിബെക്കാ (ഉല്പത്തി 25;27)
5 യിരമ്യാവ്
6 യൂദാ (മത്തായി 26:24)
7 പൗലൂസ് (1 തെസ്സ: 5; 12)
8 അൻപുടയോനെ നിൻവാതിൽ ..................
9 എന്നാൽ വീണ്ടും
10 ഹമ്മീറാ (പുളിപ്പുള്ള അപ്പം) പത്തിറ (പുളിപ്പില്ലാത്ത അപ്പം)

## ഇടയലേഖനം

വാത്സല്യമക്കളെ,

നമ്മുടെ സഭയിൽ ഈ അടുത്ത കാലത്ത് വളർന്നുവരുന്ന ചില തെറ്റായ പ്രവണതകളെ നിങ്ങൾക്ക് ബോദ്ധ്യപ്പെടുത്തുവാനാണ് ഈ ലേഖനം എഴുതുന്നത്. വിവാഹത്തെ സംബന്ധിച്ചുള്ള ചില വസ്തുതകൾ ആദ്യമായി കുറിയ്ക്കട്ടെ. പാശ്ചാത്യ ലോകത്ത് 'വിവാഹം' എന്ന സങ്കൽപ്പം തന്നേ വികലമാക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടം. നമ്മുടെ നാടും അതിന്റെ അതിപ്രസരത്തിൽ നിന്നും വിമുക്തമാണെന്ന് അവകാശപ്പെടുവാൻ പ്രയാസമായിരിക്കുന്നു. വിശുദ്ധവും ദൈവകല്പിതവുമായ കർമ്മമായി പൗരാണിക ഭാരത ദർശനം വിവാഹത്തെ വ്യക്തമാക്കുമ്പോൾ, പൗരസ്ത്യ ദർശനം തന്നേ സ്വാംശീകരിച്ച ഓർത്തഡോക്സ് ചിന്തയും മറ്റൊന്നല്ല. സത്യ വിശ്വാസികളായ പിതാക്കന്മാർ ഇതിനെപ്പററി വ്യക്തവും ഉദാത്തവുമായ അനുശാസനങ്ങൾ നൂററാണ്ടുകൾക്ക് മുമ്പുതന്നെ എഴുതിയുണ്ടാക്കിയിരുന്നു. ഇവയിൽ അതുല്യമായത് ക്രിസ്തുവർഷം പതിമൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന മഹാപണ്ഡിതനും പരിശുദ്ധനുമായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ ഹൂദായ കാനോനാണ്. സഭയുടെ ആധികാരിക പ്രാധാന്യമേറിയ ഗ്രന്ഥമായി ഇതിനെ നമ്മുക്ക് കണക്കാക്കാം.

പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമാ സഭക്കു് എഴുതുമ്പോൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഒരുവൻ ഒരു ദിവസത്തേക്കാൾ മറെറാരു ദിവസത്തെ മാനിക്കുന്നു. വേറൊരുവൻ സകല ദിവസങ്ങളേയും മാനിക്കുന്നു. ഓരോരുത്തൻ താന്താന്റെ മനസിൽ ഉറച്ചിരിക്കട്ടെ. ദിവസത്തെ ആദരിക്കുന്നവൻ കർത്താവിനായി ആദരിക്കുന്നു" (റോമർ 14:5-6) ദിവസങ്ങളെ ആദരിക്കുന്ന പതിവ് അപ്പോസ്തോലിക കാലത്തുതന്നേ നിലനിന്നിരുന്നുവെന്നു വേണം പ്രസ്തുത ഭാഗത്തിൽ നിന്ന് അനുമാനിക്കുവാൻ സഭയിൽ കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകളും ദിവസങ്ങളും പ്രസ്തുത മാതൃകയിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാലിന്ന് അവയുടെ നിറവും ഭംഗിയും നഷ്ടപ്പെട്ടുപോയൊ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വലിയ നോമ്പിൽ പോലും നടക്കുന്ന വിവാഹങ്ങൾ തന്നേ ഇത് വിളിച്ചറിയിക്കുന്നുണ്ട്. ആഘോഷങ്ങളിൽ നിന്നും അമിത ഭക്ഷണത്തിൽ നിന്നും വ്യർത്ഥ വ്യായാമങ്ങളിൽ നിന്നും ഒഴിഞ്ഞുതന്ന് മനസിനെ ദൈവത്തിലേക്ക് ഏകാഗ്രമാക്കുന്നതാണ് നോമ്പ്. ഭൗതീകതയിൽ നിന്നും ആത്മീയതയിലേക്കുള്ള പരിണാമം. ഈ സമയത്ത് വിവാഹ ബന്ധങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണമെന്ന് സഭ അനുശാസിക്കുന്നു. തന്മൂലമാണ് വിവാഹങ്ങൾ നോമ്പുകാലങ്ങളിൽ നിരോധിക്കപ്പെട്ടിട്ടുള്ളത്.

കർമ്മയോഗികളായ പൂർവ്വ പിതാക്കന്മാരാൽ പവിത്രമായി അനുഷ്ഠിക്കപ്പെട്ടുപോന്ന ഇത്തരം വിശ്വാസസത്യങ്ങൾ ഇന്ന് ലാഘവമായ് കൈകാര്യം ചെയ്യപ്പെടുന്നു. വർദ്ധിച്ച

വരുന്ന വിവാഹതകർച്ചകൾക്ക് കാരണവും ഇതുതന്നെയെന്നു കരുതേണ്ടിയിരിക്കുന്നു. മററ് സഭകളുടെ വിശ്വാസങ്ങളുടെ വിശ്വാസരീതികൾ സംരക്ഷിക്കപ്പെടുവാൻ നമ്മുടെ പാവന മാർഗ്ഗങ്ങൾ ധ്വംസിക്കപ്പെടുന്ന എത്ര അനുഭവങ്ങൾ ഇന്നു നടക്കുന്നു. ഇതിന്റെ കാരണങ്ങൾ നാം ശാന്തമായി ചിന്തിക്കണം. പ്രസ്തുത രീതികൾ നിരുത്സാഹപ്പെടുത്തുവാൻ നമ്മുടെ വൈദീകരും ആത്മായ പ്രവർത്തകരും ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സഭാ നേതൃത്വത്തെ വിമർശിക്കുന്നതിനു പകരം നമ്മുടെ ഇടവകകളിൽ വച്ചുതന്നെ അതു് നിരുത്സാഹപ്പെടുത്തുവാൻ ശ്രമിക്കണം. ജനങ്ങളെ ബോധവൽക്കരിക്കുന്നതിലൂടെ ഇവ നിയന്ത്രിക്കപ്പെടുകയാണു് വേണ്ടതു്. വിവാഹ പന്തലുകളിൽ ഇന്നു് പരിഹാസപാത്രമായിരിക്കുന്ന സഭയുടെ ഇത്തരം പാവനവിശ്വാസ സത്യങ്ങൾ സംരക്ഷിക്കേണ്ടതും നില നിർത്തേണ്ടതും നാം ഒരോരുത്തരുടേയും ചുമതലയാണെന്നു് ഓർക്കുക. എന്തു തന്നേയായാലും സ്വന്തം മക്കളുടെ വിവാഹം സഭയുടെ കല്പന ലംഘിച്ചു് നോമ്പുകാലങ്ങളിൽ നടത്താതിരിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക. സർവ്വശക്തൻ നമ്മുടെ സഭയേയും സത്യ വിശ്വാസത്തേയും കാത്തു രക്ഷിക്കുമാറാകട്ടെ.

കർത്താവിൽ നിങ്ങളുടെ
ബലഹീനനായ അത്താനാസിയോസ് മെത്രാപ്പോലീത്താ

1990 കുടാരപ്പെരുന്നാൾ
ഓതറ ദയറാ

## കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച സമുദായക്കേസ് വിധി

സമുദായക്കേസിൽ ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോന്റെ സിംഗിൾബെഞ്ച് പുറപ്പെടുവിച്ചിരുന്ന വിധിക്കെതിരെ കാതോലിക്കാപക്ഷം സമർപ്പിച്ചിരുന്ന അപ്പീലുകൾ അനുവദിച്ചുകൊണ്ടാണ് ഡിവിഷൻബെഞ്ച് 1-6-1990-ൽ ഏകകണ്ഠമായുള്ള ഈ വിധി പ്രഖ്യാപിച്ചതു്.

### വിധിന്യായത്തിന്റെ സംഗ്രഹമാണ് ചുവടെ ചേർക്കുന്നത്

സമുദായക്കേസിൽ സുപ്രീം കോടതി 1958-ൽ പുറപ്പെടുവിച്ച വിധിയിലൂടെ, കേരള ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു.

### സുപ്രീം കോടതി വിധിക്കു ശേഷം

സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ സഭയിൽ സമാധാനം സ്ഥാപിക്കുന്നതിനു് ശ്രമങ്ങൾ നടത്തി 9-12-1958-ലെ കേസ്സിൽ (A-19 അക്കമായി തെളിയിച്ചിട്ടുള്ള പ്രമാണം) കല്പനമൂലം അന്നത്തെ പാത്രിയർക്കീസ് യാക്കൂബ് ത്രിതീയൻ മലങ്കര മെത്രാപ്പോലീത്താ കൂടിയായിരുന്ന ബസ്സേലിയോസ് ഗീവർഗീദ്വിതിയൻ കാതോലിക്കോസിനെ



സ്വീകരിച്ചു. A-20 അക്കപ്രമാണ പ്രകാരം കാതോലിക്കോസ് പാത്രിയാർക്കീസിനെയും പാത്രീയർക്കീസ് കക്ഷിയിലെ മെത്രാന്മാരെയും A-1 അക്കത്തിൽ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിധേയമായി സ്വീകരിച്ചു. രണ്ടു വിഭാഗങ്ങളിലേയും മെത്രാപ്പോലീത്താമാർക്കും മെത്രാസനങ്ങൾ പുനർ വിഭജനം ചെയ്തു.

പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട മെത്രാപ്പോലീത്താമാരേയും മെത്രാസന ഭരണത്തിന് ചുമതലപ്പെടുത്തി. രണ്ടു വിഭാഗങ്ങളിലെയും മെത്രാപ്പോലീത്താമാരെയും സിനഡിലും മാനേജിംഗ് കമ്മററിയിലും അസോസിയേഷനിലും ഉൾപ്പെടുത്തി അംഗീകരിച്ചു.

1964-ൽ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയന്റെ പിൻഗാമിയായി ഔഗേൻ പ്രഥമനെ വാഴിച്ചു. ഇദ്ദേഹം ഒന്നാം വാദി ആയിട്ടാണ് OS 4/79 (ഈ കേസ്സുകളിൽപ്പെട്ട പ്രധാന കേസ്) ബോധിപ്പിച്ചിട്ടുള്ളതു്.

1967-ൽ ഭരണഘടന സഭാ മാനേജിംഗ് കമ്മററി ഭേദഗതി ചെയ്തു. പിന്നീടു് 1970-ൽ മാർ മാത്യൂസ് അത്താനാസ്യോസിനെ കാതോലിക്കായായും മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയുമായി തെരഞ്ഞെടുത്തു. അദ്ദേഹം പിന്നീട് ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന നാമധേയം സ്വീകരിച്ച് കാതോലിക്കോസായി വാഴിക്കപ്പെട്ടു. മുകളിൽ പറഞ്ഞിരിക്കുന്ന തെരഞ്ഞെടുപ്പ് OS 3/79 (ഈ കേസുകളോടു ചേർത്തു് വിസ്തരിച്ച മറെറാരു കേസ്) ചോദ്യം ചെയ്തു് പാത്രിയർക്കീസ് കക്ഷികൾ കേസ് ഫയൽ ചെയ്തു. ഈ കേസ് കോടതി തള്ളിക്കളഞ്ഞു. ഈ കേസിന്റെ ഡിക്രീയിന്മേൽ ആരും അപ്പീൽ ബോധിപ്പിച്ചിട്ടില്ല.

1972-'73-ൽ പാത്രിയർക്കീസ് മലങ്കരയിലേക്കു് ഒരു ഡെലിഗേററിനെ നിയോഗിച്ചു. അതിനെ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായും ഇരു വിഭാഗത്തെയും മെത്രാന്മാർ ഉൾപ്പെട്ട സുന്നഹദോസും മാനേജിംഗ് കമ്മററിയും എതിർത്തു. ടി ഡെലിഗേററ് പട്ടക്കാരെ വാഴിച്ചു. അദ്ദേഹത്തിന്റെ വിസാ കാലാവധി ഗവർമ്മെൻറ് ദീർഘിപ്പിക്കാഞ്ഞതിനാൽ തിരികെ പോകേണ്ടി വന്നു. തുടർന്നു് പാത്രിയർക്കീസ് OS4/79 -ലെ ഒന്നു മുതൽ മൂന്നു വരെയുള്ള പ്രതികളെ മെത്രാന്മാരായി വാഴിച്ചു. അവർ പട്ടക്കാരേയും വാഴിച്ചു.

ഇതിനുശേഷം പാത്രിയർക്കീസ് മാർ പൗലൂസ് പീലക്സീനോസിനെ ബദൽ കാതോലിക്കാ ആയി വാഴിച്ചു. അന്നത്തെ പാത്രിയർക്കീസ് കാലം ചെയ്ത ശേഷം സക്കാ പ്രഥമൻ മലങ്കര സഭയുടെ സഹകരണം കൂടാതെ പാത്രിയർക്കീസ് ആയി വാഴിക്കപ്പെട്ടു. അങ്ങനെ സഭയിൽ വലിയ പിളർപ്പുണ്ടായി. ഇരുവിഭാഗങ്ങളും ഇടവകപള്ളികളിൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിച്ചു.

ഒരു വിഭാഗത്തിലോ മറുവിഭാഗത്തിലോ പെട്ടവർ വ്യവഹാരങ്ങൾ ബോധിപ്പിച്ചു തുടങ്ങി. ടി കേസു

കൾ വിചാരണ ചെയ്യുന്നതിന് എറണാകുളം അഡീഷണൽ ഡിഡ്ട്രിക്ററ് കോടതി സ്ഥാപിച്ചു. ടി കോടതി ഏതാനും കേസുകൾ വിധിച്ചു. അവയുടെ മേൽ അപ്പീലുകൾ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം ഒന്നിച്ചു വിസ്തരിച്ച എട്ടു കേസുകൾ ഹൈക്കോടതിയിലേക്കു മാററി. ടി കേസുകൾ ജസ്റ്റീസ് ററി: ചന്ദ്രശേഖരമേനോൻ ഒരു പൊതുവിധി പ്രഖ്യാപിച്ച് തീർച്ചചെയ്തു. ടി വിധിയാണ് ഈ അപ്പീലുകളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളത്. അപ്പീലിൽ തീർപ്പു കല്പിക്കേണ്ടവയായി ഹൈക്കോടതി ആകെ 31 പോയിൻറുകൾ ഏർപ്പെടുത്തി. അവയിൽ പ്രധാനപ്പെട്ട പോയിൻറുകളെപ്പററി ചെയ്ത തീരുമാനങ്ങളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു,

## കാതോലിക്കേററ്

അബ്ദൾ മിശിഹാ പാത്രിയർക്കീസിനെ സുന്നഹദോസ് നീക്കം ചെയ്യുകയോ സ്ഥാനഭ്രഷ്ടനാക്കുകയോ ചെയ്തുവെന്നും അങ്ങനെ അദ്ദേഹത്തിന് പാത്രിയർക്കിസിനുള്ള ആത്മീയാധികാരങ്ങൾ നഷ്ടപ്പെട്ടു എന്നും കാണിക്കുന്നതിനുള്ള എന്തെങ്കിലും തെളിവ് ഈ കേസിൽ പാത്രിയർക്കീസ് വിഭാഗത്തിനുവേണ്ടി ഹാജരായ പണ്ഡിതരായ അഭിഭാഷകർ ആരും തന്നെ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായിട്ടില്ലാ എന്ന് വ്യക്തമാക്കിക്കൊള്ളട്ടെ. അബ്ദൾ മിശിഹായുടെ ഫർമാൻ (അംഗീകാരം) പിൻവലിച്ചുകൊണ്ടുള്ള തുർക്കി ഗവർമ്മെൻറിന്റെ നടപടി അദ്ദേഹത്തിന്റെ ആത്മീയ നിലയേയോ പദവിയേയോ ബാധിക്കുന്നതല്ല. അതുകൊണ്ട് A-13 (a) അക്കം തെളിവും (X), A—14 അക്കം തെളിവും (XX) രേഖകൾ അബ്ദൾമിശിഹാ പുറപ്പെടുവിക്കുമ്പോൾ കാനോനികമായി അദ്ദേഹം പാത്രിയാർക്കീസ് അല്ലാതായിത്തീർന്നിരുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടില്ലെന്ന് ഞങ്ങൾ തീരുമാനിക്കുന്നു. കാതോലിക്കേററ് പുനഃസ്ഥാപനത്തിന്റെ സാധുതയെ ചോദ്യം ചെയ്യുന്നത് തീർച്ചയായും നിഷ്ഫലമായിരിക്കും.

A-14 അക്കം അനുസരിച്ച് സ്ഥാപിതമായതും അതിൽ പറയുന്ന അധികാരങ്ങളോടു കൂടിയതുമായ കാതോലിക്കേററ് സാധുവും മലങ്കരസഭയ്ക്ക് ബാധകവുമാണ്. കാതോലിക്കേററ് സ്ഥാപിച്ചതോടെ മെത്രാന്മാരെ വാഴിക്കുന്നതിനോ, മൂറോൻ കൂദാശ ചെയ്യുന്നതിനോ അംഗീകൃതമായ മററെന്തെങ്കിലും ആത്മീയാധികാരം നടത്തുന്നതിനോ ഉള്ള അവകാശങ്ങൾ പാത്രിയർക്കീസിന് ഇല്ലാതാകുന്നില്ല. മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരം അസോസിയേഷനിലൂടെയുള്ള മലങ്കര സമുദായത്തിന്റെ അംഗീകാരത്തിന് വിധേയമായിരിക്കണമെന്നേയുള്ളു. കാതോലിക്കേററ് സ്ഥാപനംമൂലം പാത്രിയാർക്കീസിന്റെ ആത്മീയാധികാരങ്ങൾ അപ്രത്യക്ഷമാകുന്ന ഘട്ടത്തോളമെത്തിയിട്ടില്ല എങ്കിലും അദ്ദേഹത്തിന് സജീവ ആത്മീയ മേധാവിത്വം ഉള്ളതായി കരുതാനുമാവില്ല.

(തുടരും)



**കാവ്യസങ്കീർത്തനം-3**

## ശത്രുവിൻ മദ്ധ്യേ തുണ നീ

ചാണ്ടപ്പിളള പി. സാം തോട്ടപ്പുഴ

1 എന്റെ ശത്രുക്കൾ നാഥാ എത്രയോ വർദ്ധിക്കുന്നു!
എന്നോടിന്നെതിർക്കുവാനെത്രപേർ കൂടീടുന്നു!

2 ദൈവത്തിൽ നിന്നെനിക്കു രക്ഷ ലഭ്യമല്ലെന്നു
ഒട്ടുപേരെന്നെ ചൊല്ലി പറയുന്നു സർവ്വേശാ

3 നീയെന്റെ ചാരേയെന്നുമുണ്ടല്ലോ പൊന്നുനാഥാ
എന്നെ നീയുയർത്തുന്നു കീർത്തിയും നൽകീടുന്നു

4 ഉച്ചത്തിൽ കേണീടുന്നു എന്റെ താതനോടു ഞാൻ
പർവ്വതത്തിൽ നിന്നും നീയുത്തരം നൽകീടുന്നു

5 ഞാനുറങ്ങി നിൻ കൈയ്യിൽ താങ്ങിയല്ലോ നീയെന്നേ
ആകയാൽ ഞാനുണർന്നു ദേവേശാ നീയുള്ള താൽ

6 ഒട്ടേറെ ശത്രുക്കളെൻ ചുററുമുണ്ടെന്നാകിലും
ലേശവും ചാഞ്ചല്യമെൻ ചിത്തത്തിലില്ലാനാഥാ

7 താളടിയാക്കേണമേ ദൈവമേ ശത്രുക്കളേ
നാഥാ, നീയെഴുന്നേററു രക്ഷിക്കേണമേയെന്നേ

3 തന്നധീനത്തിലുള്ള രക്ഷ ദൈവം നൽകീടും
താനന്റെയനുഗ്രഹം തൻ മക്കൾക്കുണ്ടായിടും

★

## അറിയിപ്പ്

ചെങ്ങന്നൂർ ഭദ്രാസനത്തിൽ നിന്നും ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്നവർ ഓതറ ദയറായിൽ ഒരു വർഷം താമസിച്ച് പരിശീലനം നേടിയിരിക്കേണ്ടതാണെന്ന് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അറിയിക്കുന്നു.

# സഭയും വേദപുസ്തകവും

## നി. വ. ദി. ശ്രീ. ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

(തുടർച്ച)

1 സഭയോ വേദപുസ്തകമോ ആദ്യമുണ്ടായി ?

പുതിയ നിയമത്തിലെ ഒരക്ഷരം പോലും എഴുതപ്പെടുന്നതിനു മുമ്പ് സഭയുണ്ടായിരുന്നു. ആദ്യം എഴുതപ്പെട്ട ഭാഗം (1; തെസ്സ:) എ.ഡി.53–ൽ ആണെന്നാണ് പണ്ഡിതമതം. പുസ്തകങ്ങൾ എഴുതപ്പെട്ട് അനേക വർഷങ്ങൾക്കുശേഷമാണ് അവ വി. വേദമെന്നപേരിൽ അറിയപ്പെടുന്നതു്. അതുകൊണ്ട് സഭ പ്രധാനമായി അതിൻെറ വിശ്വാസാചാരങ്ങൾക്ക് ആശ്രയിച്ചുകൊണ്ടിരിക്കുന്നതു് അപ്പോസ്തോലിക പാരമ്പര്യ ഉപദേശത്തെയാണ്. ആ പാരമ്പര്യത്തെ ആശ്രയിച്ചാണ് പുസ്തകങ്ങൾ എഴുതപ്പെട്ടതു്.

2 നമ്മുടെ കൈവശം ഇപ്പോൾ കിട്ടിയിരിക്കുന്ന വേദത്തിൽ നമ്മുടെ കർത്താവിൻേറയും അപ്പോസ്തോലന്മാരുടേയും ഉപദേശങ്ങൾ സർവ്വവും അതെ നമുക്ക് വേണ്ടതായ സർവ്വവും ഉണ്ടോ? St John 21:25

ഇല്ല എന്ന് വ്യക്തം. കാരണം-

a) വി. വേദം എഴുതപ്പെട്ടതു് വി. സഭയുടെ മർമ്മങ്ങളെയും വിശ്വാസാചാരങ്ങളെയും അവർ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾക്കാണ്. അതിനാൽ പല കാര്യങ്ങളും അവർ ഗ്രഹിച്ചിരിക്കുന്നതായി സങ്കല്പിച്ചുകൊണ്ടാണ് സുവിശേഷങ്ങളും ലേഖനങ്ങളും എഴുതിയിരിക്കുന്നതു് Romar, 6. 17 Heb. 6 : 1, 2 Ist Cor 11 : 23 1 John. 2:20

b) എഴുതാതെ വാക്കാൽ പല സംഗതികൾ പഠിപ്പിച്ചു Ist Cor 11 :2 2John 1.12 3 John 1:14

c) എഴുതിയവ തന്നെ വളരെ ചുരുക്കമായും വിശദീകരണം ആവശ്യമായും ആണെഴുതിയതു്. Ist Peter 5 :12 Acts 1 : 2-4 Heb. 13.22 Ephesias 1;5

d) ഇങ്ങനെ വാക്കാൽ പഠിപ്പിച്ച സകലവും ആവശ്യമെന്ന് ഗ്രന്ഥകാരന്മാരായ അപ്പോസ്തോലന്മാർ തന്നെ സാക്ഷിക്കുന്നു Gal : 1 : 9 1st Cor. 11.2

3 എഴുതിയതു തന്നെയും മുഴുവൻ കിട്ടിയോ? ഇല്ല. വേഗം നശിക്കുന്ന വസ്തുക്കളിൽ പകർത്തിവച്ചിരുന്നവ നഷ്ടപ്പെടാൻ വളരെ ന്യായമുണ്ടെന്നു മാത്രമല്ല വി. പൗലോസും ആദിമസഭയിലെ പിതാക്കന്മാരും നാമകരണം ചെയ്തിട്ടുള്ള പല പുസ്തകങ്ങളും ഇന്നു കണ്ടുകിട്ടിയിട്ടില്ല Luke 1.1 Colo 4.15 IstCor.5:9

4 കിട്ടിയതു മുഴുവൻ തൻ കർത്താക്കൾ എഴുതിയതുപോലെയോ കിട്ടിയിരിക്കുന്നതു് ?



അച്ചടിയിൽ പെശക കടന്നുകൂടാമെങ്കിൽ ഇത്ര വിപുലമായ പുസ്തകസഞ്ചയം പകർത്തി എഴുതുമ്പോൾ തെററുകൾ സ്വാഭാവികം മാത്രം. ശരിയായ പാഠം ഏതെന്ന് കണ്ടുപിടിക്കാനുള്ള ഒരു ശാസ്ത്രം തന്നെ വളർന്നു കഴിഞ്ഞു (Textual Critecism). പരിഭാഷകളിലും തെററുകൾ കടന്നുകൂടാം.

5 വ്യാഖ്യാന കുഴപ്പം:—

ഇങ്ങനെയൊക്കെ നമ്മുടെ പക്കൽ എത്തിച്ചേർന്നിരിക്കുന്ന വേദഭാഗങ്ങളാകട്ടെ ചുരുക്കമായും പലവയെ മുൻനിർത്തികല്പിച്ചു കൊണ്ടും എഴുതപ്പെട്ടവയാകയാൽ വ്യാഖ്യാനം കൂടാതെ കഴിയുകയില്ല. അവിടെയാണ് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക വി. വേദത്തെ തന്നെ അടിസ്ഥാനമാക്കിയിരിക്കുന്ന അനേക സഭകൾ ഭൂമുഖത്തു് ഉണ്ടായിരിക്കുന്നു. അങ്ങനെ ശരിയായ വ്യാഖ്യാനം കണ്ടുപിടിക്കുവാനും പണിയായിരിക്കുന്നു. എന്നാൽ നമ്മുടെ സഭയാകട്ടെ വി. അപ്പോസ്തോലന്മാരും മററുമായ എഴുത്തുകാരിൽ നിന്നു തന്നെയുള്ള വ്യാഖ്യാനോപദേശങ്ങൾ വി. പിതാക്കന്മാർ മുഖേന പരമ്പരയായിപുലർത്തിക്കൊണ്ട് നമ്മെ ഏല്പിച്ചിരിക്കുന്നു. അതിനാൽ സ്തുതി ചൊവ്വാക്കപ്പെട്ട (Orthodox) സഭയ്ക്ക് ദൈവവചനങ്ങളുടെ വ്യാഖ്യാനവും ശരിയായി സഭാമക്കൾക്ക് നൽകുവാൻ സാധിക്കുന്നു.

വി. വേദത്തിൻെറ പ്രയോജനം എന്ത് ?

നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരേയും ശിഷ്യന്മാർ ലോകത്തെയും പഠിപ്പിച്ച സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം അനുസ്യൂതം പാലിക്കുന്നതിന് ദൈവാത്മനിറവുള്ള വി. ശ്ലീഹന്മാരും പിതാക്കന്മാരും എഴുതിയിട്ടുള്ള വചനങ്ങൾ പ്രയോജനപ്പെടുന്നവയാണ്. അവയിലൂടെ ദൈവാത്മാവ് നമ്മോട് സംസാരിക്കുന്നു. അവയുടെ രചനയിലും പകർത്തലിലും പരിഭാഷയിലും മനുഷ്യ സഹജമായ വൈകല്യങ്ങൾ വന്നാലും വി. സഭയിൽ പരിവർത്തിക്കുന്ന പരിശുദ്ധ റൂഹാ സകലവും ഓർമ്മപ്പെടുത്തുന്നവനാകയാൽ (St. John 14:26 15:28), ആ കുറവുകൾ സഭയിലൂടെ വി. പുസ്തകം വ്യാഖ്യാനിക്കപ്പെടുമ്പോൾ പരിഹരിക്കപ്പെടുന്നു. അങ്ങനെ ദൈവാത്മാവാൽ എഴുതപ്പെട്ട ഈ പുസ്തകങ്ങൾ ഉപദേശത്തിനും ശാസ്യത്തിനും നീതിയിലുള്ള അഭ്യസനത്തിനും സത്യവിശ്വാസത്തിൻെറ സ്ഥിരതയ്ക്കും പ്രയോജനമുള്ളതായിത്തീരുന്നു. അല്ലാതെ സഭോപദേശത്തെ വിശദമായി വിശകലനം ചെയ്ത് ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഒരു വേദശാസ്ത്ര ഗ്രന്ഥമല്ല വി. വേദം. അങ്ങനെ അതിൻെറ എഴുത്തുകാർ പോലും ഉദ്ദേശിച്ചിരുന്നില്ല. **വി. സഭ വേദപുസ്തകത്തിന്മേൽ സ്ഥാപിതമല്ല. പുസ്തകം സഭയിലാണ്.** സഭ അതിനെ വ്യാഖ്യാനിക്കുന്നു അങ്ങനെയുള്ള വ്യാഖ്യാനത്തോടു കൂടിയ വി. വേദത്തെ ഭക്ത്യാദര പുരസ്സരം വായിച്ചു ധ്യാനിച്ചു പ്രയോജനപ്പെടുത്തുവാൻ നാം എല്ലാവരും കടപ്പെട്ടവരാണ്.

★

# സഭയും വേദപുസ്തകവും

**നി. വ. ദി. ശ്രീ. ദാനിയേൽ മാർ പീലക്സീനോസ്**

**മെത്രാപ്പോലീത്താ**

(തുടർച്ച)

1 സഭയോ വേദപുസ്തകമോ ആദ്യമുണ്ടായി ?

പുതിയ നിയമത്തിലെ ഒരക്ഷരം പോലും എഴുതപ്പെടുന്നതിനു മുമ്പ് സഭയുണ്ടായിരുന്നു. ആദ്യം എഴുതപ്പെട്ട ഭാഗം (1; തെസ്സ:) എ.ഡി.53–ൽ ആണെന്നാണ് പണ്ഡിതമതം. പുസ്തകങ്ങൾ എഴുതപ്പെട്ട് അനേക വർഷങ്ങൾക്കുശേഷമാണ് അവ വി. വേദമെന്നപേരിൽ അറിയപ്പെടുന്നതു്. അതുകൊണ്ട് സഭ പ്രധാനമായി അതിന്റെ വിശ്വാസാചാരങ്ങൾക്ക് ആശ്രയിച്ചുകൊണ്ടിരിക്കുന്നതു് അപ്പോസ്തോലിക പാരമ്പര്യ ഉപദേശത്തെയാണ്. ആ പാരമ്പര്യത്തെ ആശ്രയിച്ചാണ് പുസ്തകങ്ങൾ എഴുതപ്പെട്ടതു്.

2 നമ്മുടെ കൈവശം ഇപ്പോൾ കിട്ടിയിരിക്കുന്ന വേദത്തിൽ നമ്മുടെ കർത്താവിന്റേയും അപ്പോസ്തോലന്മാരുടേയും ഉപദേശങ്ങൾ സർവ്വവും അതെ നമുക്ക് വേണ്ടതായ സർവ്വവും ഉണ്ടോ? St John 21:25

ഇല്ല എന്ന് വ്യക്തം. കാരണം-

a) വി. വേദം എഴുതപ്പെട്ടതു് വി. സഭയുടെ മർമ്മങ്ങളെയും വിശ്വാസാചാരങ്ങളെയും അവർ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾക്കാണ്. അതിനാൽ പല കാര്യങ്ങളും അവർ ഗ്രഹിച്ചിരിക്കുന്നതായി സങ്കല്പിച്ചുകൊണ്ടാണ് സുവിശേഷങ്ങളും ലേഖനങ്ങളും എഴുതിയിരിക്കുന്നതു് Romar, 6. 17 Heb. 6 : 1, 2 Ist Cor 11 : 23 1 John. 2:20

b) എഴുതാതെ വാക്കാൽ പല സംഗതികൾ പഠിപ്പിച്ചു Ist Cor 11 :2 2John 1.12 3 John 1:14

c) എഴുതിയവ തന്നെ വളരെ ചുരുക്കമായും വിശദീകരണം ആവശ്യമായും ആണെഴുതിയതു്.
Ist Peter 5 :12 Acts 1 : 2-4 Heb. 13.22 Ephesias 1;5

d) ഇങ്ങനെ വാക്കാൽ പഠിപ്പിച്ച സകലവും ആവശ്യമെന്ന് ഗ്രന്ഥകാരന്മാരായ അപ്പോസ്തോലന്മാർ തന്നെ സാക്ഷിക്കുന്നു Gal : 1 : 9 1st Cor. 11.2

3 എഴുതിയതു തന്നെയും മുഴുവൻ കിട്ടിയോ? ഇല്ല. വേഗം നശിക്കുന്ന വസ്തുക്കളിൽ പകർത്തിവച്ചിരുന്നവ നഷ്ടപ്പെടാൻ വളരെ ന്യായമുണ്ടെന്നു മാത്രമല്ല വി. പൗലോസും ആദിമസഭയിലെ പിതാക്കന്മാരും നാമകരണം ചെയ്തിട്ടുള്ള പല പുസ്തകങ്ങളും ഇന്നു കണ്ടുകിട്ടിയിട്ടില്ല
Luke 1.1 Colo 4.15 IstCor.5:9

4 കിട്ടിയതു മുഴുവൻ തൻ കർത്താക്കൾ എഴുതിയതുപോലെയോ കിട്ടിയിരിക്കുന്നതു് ?



അച്ചടിയിൽ പെശക കടന്നുകൂടാമെങ്കിൽ ഇത്ര വിപുലമായ പുസ്തക സഞ്ചയം പകർത്തി എഴുതുമ്പോൾ തെറ്റുകൾ സ്വാഭാവികം മാത്രം. ശരിയായ പാഠം ഏതെന്ന് കണ്ടുപിടിക്കാനുള്ള ഒരു ശാസ്ത്രം തന്നെ വളർന്നു കഴിഞ്ഞു (Textual Critecism). പരിഭാഷകളിലും തെറ്റുകൾ കടന്നുകൂടാം.

5 വ്യാഖ്യാന കുഴപ്പം:—

ഇങ്ങനെയൊക്കെ നമ്മുടെ പക്കൽ എത്തിച്ചേർന്നിരിക്കുന്ന വേദഭാഗങ്ങളാകട്ടെ ചുരുക്കമായും പലവയെ മുൻനിർത്തികല്പിച്ചു കൊണ്ടും എഴുതപ്പെട്ടവയാകയാൽ വ്യാഖ്യാനം കൂടാതെ കഴിയുകയില്ല. അവിടെയാണ് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക വി. വേദത്തെ തന്നെ അടിസ്ഥാനമാക്കിയിരിക്കുന്ന അനേക സഭകൾ ഭൂമുഖത്തു് ഉണ്ടായിരിക്കുന്നു. അങ്ങനെ ശരിയായ വ്യാഖ്യാനം കണ്ടുപിടിക്കുവാനും പണിയായിരിക്കുന്നു. എന്നാൽ നമ്മുടെ സഭയാകട്ടെ വി. അപ്പോസ്തോലന്മാരും മറ്റുമായ എഴുത്തുകാരിൽ നിന്നു തന്നെയുള്ള വ്യാഖ്യാനോപദേശങ്ങൾ വി. പിതാക്കന്മാർ മുഖേന പരമ്പരയായിപുലർത്തിക്കൊണ്ട് നമ്മെ ഏല്പിച്ചിരിക്കുന്നു. അതിനാൽ സ്തുതി ചൊവ്വാക്കപ്പെട്ട (Ortho-dox) സഭയ്ക്ക് ദൈവവചനങ്ങളുടെ വ്യാഖ്യാനവും ശരിയായി സഭാമക്കൾക്ക് നൽകുവാൻ സാധിക്കുന്നു.

വി. വേദത്തിന്റെ പ്രയോജനം എന്ത് ?

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരേയും ശിഷ്യന്മാർ ലോകത്തെയും പഠിപ്പിച്ച സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം അനുസ്യൂതം പാലിക്കുന്നതിന് ദൈവാത്മനിറവുള്ള വി. ശ്ലീഹന്മാരും പിതാക്കന്മാരും എഴുതിയിട്ടുള്ള വചനങ്ങൾ പ്രയോജനപ്പെടുന്നവയാണ്. അവയിലൂടെ ദൈവാത്മാവ് നമ്മോട് സംസാരിക്കുന്നു. അവയുടെ രചനയിലും പകർത്തലിലും പരിഭാഷയിലും മനുഷ്യ സഹജമായ വൈകല്യങ്ങൾ വന്നാലും വി. സഭയിൽ പരിവർത്തിക്കുന്ന പരിശുദ്ധ റൂഹാ സകലവും ഓർമ്മപ്പെടുത്തുന്നവനാകയാൽ (St. John 14:26 15:28), ആ കുറവുകൾ സഭയിലൂടെ വി. പുസ്തകം വ്യാഖ്യാനിക്കപ്പെടുമ്പോൾ പരിഹരിക്കപ്പെടുന്നു. അങ്ങനെ ദൈവാത്മാവാൽ എഴുതപ്പെട്ട ഈ പുസ്തകങ്ങൾ ഉപദേശത്തിനും ശാസ്യത്തിനും നീതിയിലുള്ള അഭ്യസനത്തിനും സത്യവിശ്വാസത്തിന്റെ സ്ഥിരതയ്ക്കും പ്രയോജനമുള്ളതായിത്തീരുന്നു. അല്ലാതെ സഭോപദേശത്തെ വിശദമായി വിശകലനം ചെയ്ത് ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഒരു വേദശാസ്ത്ര ഗ്രന്ഥമല്ല വി. വേദം. അങ്ങനെ അതിന്റെ എഴുത്തുകാർ പോലും ഉദ്ദേശിച്ചിരുന്നില്ല. **വി. സഭ വേദപുസ്തകത്തിന്മേൽ സ്ഥാപിതമല്ല. പുസ്തകം സഭയിലാണ്.** സഭ അതിനെ വ്യാഖ്യാനിക്കുന്നു അങ്ങനെയുള്ള വ്യാഖ്യാനത്തോടു കൂടിയ വി. വേദത്തെ ഭക്ത്യാദര പുരസ്സരം വായിച്ചു ധ്യാനിച്ചു പ്രയോജനപ്പെടുത്തുവാൻ നാം എല്ലാവരും കടപ്പെട്ടവരാണ്.

★

## വിനയം

ഉണ്ണി ഏട്ടൻ

ഏതൊരാൾക്കും ഉണ്ടായിരിക്കേണ്ട ഒരുൽക്കൃഷ്ട ഗുണമാണ് വിനയം. മനസ്സിന്റെ പലവിധ വ്യാപാരങ്ങളിലും പെടുന്ന ഒരു ഗുണവിശേഷമാണ് 'വിനയ'മെന്നു പറയാം. കാമം, ക്രോധം, മദം, മാത്സര്യം, അഹന്ത മുതലായി മനസ്സിന്നു ബഹുവിധ മുഖങ്ങളുണ്ട്. അവയെല്ലാം അതീതമായി മനുഷ്യനെ ധന്യനാക്കുന്ന ഒരു സ്വഭാവ ഗുണമാണ് 'വിനയം.'

ധനികനായാലും ശരി, വിദ്യാസമ്പന്നനായാലും ശരി, സ്ഥാനമാനങ്ങളിൽ അഗ്രഗണ്യനായാലും ശരി, തന്നെപ്പററി അധികമായ മതിപ്പില്ലാതിരിക്കൽ, ഇല്ലാത്ത ഗുണങ്ങളെ ഉണ്ടെന്നു കാണിക്കാതിരിക്കൽ, ആരോടും അഹന്ത കാണിക്കാത്ത പെരുമാററം ഇതൊക്കെയാണ് വിനയത്തിന്റെ പ്രകടമായ ലക്ഷണങ്ങൾ. അന്യന്മാരോടുള്ള സമീപനത്തിൽ, താൻ തന്നെയാണ് മഹാനെന്ന ഭാവമുണ്ടായാൽ ആർക്കും രുചിക്കുന്നതല്ല. വളരെ പഠിപ്പും അറിവും ഉള്ള വ്യക്തി മറെറാരുത്തനെ അറിവില്ലാത്തവനെന്നു കരുതി പെരുമാറുന്ന പ്രവണത അപലപനീയമായിരിക്കും. വിനയമുള്ളവൻ ഇപ്രകാരമുള്ള സമീപനവും പെരുമാററവും ഒഴിവാക്കുന്നതാണ്. ഭവ്യതയോടും, സൌശീല്യത്തോടും, സമഭാവനയോടും കൂടി പെരുമാറുന്ന ഒരു വ്യക്തിയെ ആരും ഇഷ്ടപ്പെടും, ബഹുമാനിക്കും.

സ്വന്തം മാതാപിതാക്കന്മാരോടും ഗുരുജനങ്ങളോടും എക്കാലത്തും കാണിക്കേണ്ട ഒരു ഗുണമാണ് വിനയം. ധിക്കാരപരമായ പെരുമാററം ആർക്കും അസഹനീയമായിരിക്കും. 'ഗുരുത്വക്കേട്'' എന്നു നാടോടി ഭാഷയിൽ സാധാരണ പറഞ്ഞുവരാറുള്ള ദോഷമാണ് ഇതിന്റെ ഫലം.

ഫലസമൃദ്ധമായ വൃക്ഷങ്ങളും, ചെടികളും അവയുടെ ശാഖകൾ തനിയെ താഴ്ത്തുന്നു. അതുപോലെ, ധനസമൃദ്ധിയും, വിദ്യാസമ്പന്നതയും വ്യക്തിയെ നമ്രശിരസ്കനാക്കുകയാണ് വേണ്ടത്. മനസ്സിന്റെയും ബുദ്ധിയുടെയും സംസ്കാരം ഈ സ്വഭാവശുദ്ധിയിലാണ് കാണേണ്ടത്.

ചെറുപ്രായം മുതൽക്കുതന്നെ വളത്തിയെടുക്കേണ്ട ഒരു ഗുണമാണ് വിനയം അത് ഒരു വികാരമല്ല; സ്വഭാവമാണ്. സ്വഭാവം സമ്പാദിക്കുന്നത് അഭ്യാസംകൊണ്ടാണല്ലൊ.

വിനയാന്വിതരായ വൃദ്ധനും, യുവാവും, ബാലനും ഒരുപോലെ ആദരണീയന്മാരാണ്.

★

## ''ക്രിസ്ത്യാനി'' —(ഒരുലഘുപഠനം)

സി. എം. തങ്കച്ചൻ, ഡി. സുവിശേഷകൻ

പുതിയ നിയമത്തിൽ ഈ പദം മൂന്നു പ്രാവശ്യം മാത്രം പറയപ്പെട്ടിരിക്കുന്നു. (അപ്പൊ. പ്ര 11:26, 26:28, 1 പത്രോ. 4:16) ക്രിസ്ത്യാനികൾ ആദ്യം സ്വയം ഈ പേർ സ്വീകരിച്ചതല്ല. മറിച്ച് അവർ ഉപയോഗിച്ചിരുന്ന പേരുകൾ ''ശിഷ്യന്മാർ'', (അപ്പൊ.പ്ര 11:26) സഹോദരന്മാർ (അപ്പൊ.പ്ര 9:30) ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ (റോമ. 9:33) വിശുദ്ധന്മാർ (റോമ. 12:13) വിശ്വാസികൾ (1 തിമൊ. 4:12) എന്നിവയായിരുന്നു.



യഹൂദന്മാർ യേശുവിനെ ക്രിസ്തുവെന്നു സമ്മതിക്കാഞ്ഞതു കൊണ്ട് അവർ അവന്റെ ശിഷ്യന്മാരെ ക്രിസ്ത്യാനികൾ എന്നു വിളിക്കാതെ ''മതഭേദം'' (അപ്പൊ.പ്ര 28;22) എന്നും നസ്രായനികൾ (അപ്പോ.പ്ര 24;5) എന്നും വിളിച്ചു. എന്നാൽ അന്ത്യോക്യയിലെ ജനങ്ങളാണ് ആദ്യമായി യേശുവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേരുകൊടുത്തതു്. എങ്ങനെയെന്നാൽ ഏകദേശം ക്രിസ്താബ്ദം 43–ാംമാണ്ട് ബർന്നബാസും പൌലോസും അന്ത്യോക്യയിലെ തെരുവീഥികളിൽ ചെയ്ത പ്രസംഗങ്ങളിൽ ''ക്രിസ്തു'' എന്ന പദം ആ ദേശവാസികൾ കേട്ടിട്ട് അതിന്റെ അർത്ഥം നല്ല വണ്ണം മനസ്സിലായില്ലെങ്കിലും അവർ ഈ നൂതനമതാനുയായികൾക്ക് ഈ പേരുകൊടുത്തു.

അന്ത്യോക്യർ ഈ പേരിനെ ഹാസ്യമായി ഉപയോഗിച്ചെങ്കിലും ക്രിസ്ത്യാനുസാരികൾക്ക് ക്രിസ്ത്യാനി എന്ന പേരുപറയുന്നതു് യുക്തമാകയാൽ ചില വർഷങ്ങൾക്കുള്ളിൽ ഇതു് സുപ്രസിദ്ധമായിത്തീർന്നു. ക്രിസ്താബ്ദം 57-ൽ അഗ്രിപ്പാ രാജാവിനും റോമാ ഉദ്യോഗസ്ഥന്മാർക്കും ഈ പേരു് പരിചിതമായിരുന്നു (അപ്പൊ.പ്ര 26;28) പിന്നീട് ചില വർഷങ്ങൾ കഴിഞ്ഞു് ചിററാസ്യയിൽ ഈ നാമം എല്ലാവർക്കും അറിയാറായി. (1 പത്രോ 4:16) AD 64-ൽ റോമാ കൈസറായിരുന്ന നീറോയുടെ കാലത്തു് ഈ നാമം റോമാ രാജ്യമെങ്ങും വ്യാപിച്ചു അക്കാലത്തു് ഒരുവൻ ക്രിസ്ത്യാനിയാകുന്നതു് മരണ ശിക്ഷയ്ക്കു് കാരണമായ കുററമായിരുന്നു. AD 150-ൽ പോലിക്കർപ്പ് ധൈര്യത്തോടും സന്തോഷത്തോടും കൂടെ താൻ ക്രിസ്ത്യാനിയാണെന്നു് പറഞ്ഞു. അതിനുശേഷം ക്രമേണ നാനാഭാഗത്തും ഈ പേരു് സുപ്രസിദ്ധമായിത്തീർന്നു.

ഹെരോദാവിന്റെ പക്ഷക്കാരെ ഹെരോദ്യർ എന്നു് വിളിക്കുന്നതുപോലെ ക്രിസ്തുവിന്റെ അനുഗാമികളെ ക്രിസ്ത്യാനികൾ എന്നു് വിളിക്കുന്നതു് ഉചിതമാണ്. ആദ്യം ക്രിസ്ത്യാനികൾ എന്ന പദം പരിഹാസപദം ആയിരുന്നെങ്കിലും കുറെ വർഷങ്ങൾക്കകം പല അധികാരികളും, ഇവരെ ഘാതകന്മാരെപ്പോലെ ഗണിക്കുവാൻ തുടങ്ങി. എന്നാൽ ക്രിസ്തുവിനെ പിൻ പററിയവരോ തങ്ങളെ ദൈവിക പ്രസാദത്താൽ അഭിഷിക്തനായ ക്രിസ്തുവിനെപ്പോലെ ദൈവ പ്രസാദത്തിൽ അഭിഷിക്തരായ രാജാക്കന്മാരും പുരോഹിതന്മാരുമായി കരുതിപ്പോന്നു.

ക്രിസ്തേതർ ചിലപ്പോൾ ക്രിസ്തുവെന്ന പദത്തെ ശരിയായി ഉച്ചരിക്കുന്നതിന് വശമില്ലാത്തതിനാൽ ''കിരസ്തു'' എന്നു് പറഞ്ഞുവന്നു. അതിന്റെ അർത്ഥം ''ദയാലു'' എന്നാണ്. അങ്ങനെ ആദ്യപിതാക്കന്മാർ ക്രിസ്തുവിന് ആ നാമം ഉപയോഗിച്ച് അവനെപ്പോലെ ക്രിസ്ത്യാനികളും ദയവുള്ളവരായിരിക്കണമെന്നു് പഠിച്ചു.

ആരംഭത്തിൽ ക്രിസ്ത്യു വിശ്വാസികളുടെ കൂട്ടം യഹൂദമതത്തിന്റെ ഒരു വകഭേദം മാത്രമാണെന്ന് കരുതിയിരുന്നു. എന്നാൽ ക്രിസ്ത്യാനി എന്ന പദം പല സ്ഥലങ്ങളിലും വ്യാപിച്ചപ്പോൾ അത് യഹൂദ മതത്തിൽ നിന്ന് ക്രിസ്തുമതം വേർപെട്ടു എന്ന് ഉള്ളതിന് ലക്ഷ്യമായി ത്തീർന്നു.

ആദിമകാലത്ത് ക്രിസ്ത്യാനികൾ തങ്ങൾക്ക് ഈ പേർ പറയുമ്പോൾ അവർ ജാതികൾക്ക് യഹൂദ മതമല്ലാത്ത ഒരു പുതിയ മതത്തെ പ്രദർശിപ്പിക്കുകയായിരുന്നു. എല്ലാത്തിനും മേലായി ഈ പദം തങ്ങളുടെ ഉത്ഭവത്തെയും അടിസ്ഥാനത്തെയും പ്രഖ്യാപനം ചെയ്തു. ഒരു ഗ്രന്ഥമോ, തത്വശാസ്ത്രമോ, ഒരു ദർശനമോ അല്ല ക്രിസ്തുമതത്തിന് ഉത്ഭവ കാരണമായിത്തീർന്നത്. പിന്നെയോ ദൈവ പുത്രനായ സാക്ഷാൽ ''ക്രിസ്തു'' അത്രേ! ആ ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കുവാൻ നമുക്കോരോരുത്തർക്കും കടമയുണ്ട്. കർത്തവ്യമുണ്ട്. ആ കർത്തവ്യ നിർവ്വഹണത്തിനായി നമുക്കോരോരുത്തർക്കും പ്രാർത്ഥിക്കാം പ്രവർത്തിക്കാം.

★

**For Favours Received**





Excuse Delay
Rajan & Family

**For Favours Received**



Believer



# ധ്യാനപംക്തി

ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ

''വി. മർക്കോസ്: 6:30–44, വി. ലൂക്കോസ് 9:10—17
വി. യോഹന്നാൻ: 6:1—14''

ഈ ലോകത്തിലെ കരുടന്മാരെയും ചെകിടന്മാരെയും സൗഖ്യമാക്കുവാൻ കഴിവുള്ള മറ്റൊരു ലോകം ഉണ്ടെന്നും, ഈ ലോകത്തെ ആത്മീയതയിലേക്ക് പരിവർത്തനം (Spirtualise) ചെയ്യാൻ സാധിക്കണമെന്നുള്ളതാണ് തന്റെ അത്ഭുതങ്ങൾ കൊണ്ട് കർത്താവ് ഉദ്ദേശിക്കുന്നത്. കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ കാലത്ത് ധാരാളം അത്ഭുതങ്ങൾ ചെയ്തു. കൂടുതൽ അത്ഭുതങ്ങൾ ചിലപ്പോൾ അപകടകരവുമാണ്. കാരണം, അത്ഭുതങ്ങൾ കാണാൻ മാത്രം ചിലർ വരും. അത്ഭുതങ്ങൾ കാണിക്കുന്നതുകൊണ്ടു മാത്രം ദൈവമാകുന്നില്ല. പ്രാർത്ഥന, ധ്യാനം, സമർപ്പണം എന്നിവയിൽ കൂടിയാണ് അത്ഭുതങ്ങൾ, ചെയ്യുവാൻ കർത്താവിനു സാധിച്ചത്. എന്നേക്കാൾ അധികം അത്ഭുതങ്ങൾ നിങ്ങൾക്കു ചെയ്യുവാൻ കഴിയുമെന്നു കർത്താവ് ഒരിക്കൽ പറയുന്നു. ആത്മീയശക്തി ഉണ്ടെങ്കിൽ, തീർച്ചയായും മനുഷ്യർക്കും ഇതു സാദ്ധ്യമാണ്. നമ്മുടെ പ്രാർത്ഥന ഫലപ്രാപ്തിയുള്ളതാകണമെങ്കിൽ, കേന്ദ്രബിന്ദു ''സ്വയം'' ആയിരിക്കരുത്.

കർത്താവിൽ നിന്നും പ്രവഹിച്ച ആത്മീയശക്തി ജനങ്ങളിലേക്ക് പ്രവേശിച്ചപ്പോൾ ലൗകീകമായ വിശപ്പും ദാഹവും മറന്നു. അവർ അവരുടെ പ്രയാസങ്ങൾ മറന്ന് കർത്താവിന്റെ സന്നിധിയിൽ ഇരുന്നു. താബോർ മലയിൽ, കർത്താവിനോടൊപ്പം കടന്നു ചെന്ന ശിഷ്യർക്കും അവന്റെ സന്നിധിയിൽ ഇരിക്കുന്നതു സന്തോഷകരമായി അനുഭവപ്പെട്ടു. ഇന്നു നമ്മൾക്കു ഈ അനുഭവം കുറയുന്നതിനു കാരണം നമ്മിൽ ആത്മീയശക്തി കുറയുന്നതിനാലാണ്.

പ്രയാസത്തിന്റെ ഒരു ഘട്ടത്തിൽ, ''നിങ്ങൾ ഇവർക്കു ഭക്ഷിപ്പാൻ കൊടുപ്പീൻ'' എന്നു കർത്താവ് ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു. ശിഷ്യന്മാരും നിസ്സഹായരായി തീർന്നപ്പോൾ കർത്താവിന്റെ മനസ്സലിവ് ജനത്തിന്മേൽ ഉണ്ടാകുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ, നിരാശയുടെ സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ, മനുഷ്യരുടെ സഹായം ഇല്ലാതെയാകുമ്പോൾ നമ്മെ സഹായിപ്പാൻ കഴിവുള്ളവനായ കർത്താവ് ഉണ്ടെന്നുള്ള വിശ്വാസം നമുക്കു മാർഗ്ഗദീപമായിരിക്കണം. ജനത്തെ പന്തി,പന്തിയായി ഇരുത്തുവാൻ ശിഷ്യരോടു കല്പിച്ചപ്പോൾ അതനുസരിച്ച് പ്രവർത്തിപ്പാൻ ശിഷ്യരെ പ്രേരിപ്പിച്ചതു ഈ ഉറച്ച വിശ്വാസമായിരുന്നു.

വലിയ ഒരു ജനസമൂഹത്തിൽ വെച്ച്, ഒരു ബാലൻ തന്റെ കൈവശമുണ്ടായിരുന്ന അപ്പവും മീനും ശിഷ്യരെ ഏല്പിക്കുവാൻ അവനു സാധിച്ചു. അവൻ കർത്താവിന്റെ സ

ന്നിധിയിൽ ഇരുന്നതുകൊണ്ടു മാത്രമായിരുന്നില്ല. മൂന്നു ദിവസം കൊണ്ടു കർത്താവിൽ നിന്നു കേട്ട വചനം അവനിൽ പ്രവർത്തിച്ചതുകൊണ്ടാണ്. കൂട്ടായ്മയുടെയും, പങ്കിടിലിന്റെയും അനുഭവം പള്ളിയിൽ പോയതുകൊണ്ടോ, പ്രാർത്ഥിച്ചതുകൊണ്ടോ, വൈദികനായതുകൊണ്ടോ മാത്രം ഉണ്ടാക്കിയെടുക്കുവാൻ കഴിയുകയില്ല. കാരണം അന്നു് സമ്മേളിച്ചിരുന്ന ആ സമൂഹത്തിൽ ഈ ബാലന്റെ കൈവശം മാത്രമേ അപ്പവും മീനും ഉണ്ടായിരുന്നുള്ളു എന്നു് ചിന്തിക്കുവാൻ പ്രയാസമാണു്.

ശേഷിച്ച അപ്പനുറുക്കുകൾ, നഷ്ടപ്പെടുത്താതെ കുട്ടകളിൽ നിറച്ചെടുക്കുവാൻ കർത്താവു് കൽപ്പിക്കുന്നു.

കർത്താവിന്റെ പേരിൽ നാം അലസന്മാരാകരുത്. ദൈവം നൽകുന്ന യാതൊരു ദാനവും നാം നഷ്ടപ്പെടുത്തരുത്, നാം ചെയ്യുന്ന കാര്യങ്ങൾ ആനുപാതികമായിരിക്കണം, ഇപ്രകാരമുള്ള തത്വങ്ങൾ നാം മനസ്സിലാക്കാൻ കൂടിയായിരിക്കാം കർത്താവു് ഇപ്രകാരം ചെയ്തതു്.

പ്രാർത്ഥന:— കർത്താവേ, അവിടുത്തെ ആത്മീയശക്തി ഞങ്ങളിൽ പ്രവർത്തിക്കുവാനും, കൂട്ടായ്മയുടെയും പങ്കിടിലിന്റെയും അനുഭവത്തിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാനും അടിയങ്ങളെ സഹായിക്കണമേ. ആമീൻ.

## ആരോഗ്യവേദി

### ഇഞ്ചി

ഔഷധഗുണം:- പാനീയമായിട്ടുള്ളതും, ജഠരാഗ്നിയെ വർധിപ്പിക്കുന്നതും, രുചി ഉണ്ടാക്കുന്നതും, കടരസം, ഉഷ്ണവീര്യം ഇവയോടു് കൂടിയതുമാകുന്നു.

കഫം, നീരു്, തലവേദന ഇവയെ നശിപ്പിക്കുന്നു. അല്പം ഉപ്പുകൂടി ചേർത്തു കഴിച്ചാൽ നാക്കിനും കണ്ഠത്തിനും ശുദ്ധിവരുത്തുന്നതും ആയിരിക്കും. മലശോധന ഉണ്ടാകുന്നു.

1 ഇഞ്ചിനീരു് ഒരു ഔൺസ്, നല്ലെണ്ണ ഒരു ഔൺസ് ഇവ ചേർത്തു് കാച്ചി തേച്ചുകുളിച്ചാൽ വിട്ടുമാറാത്ത തലവേദന ശമിക്കും

2 ഇഞ്ചി നീരു് കാച്ചി തിളപ്പിച്ചു് വാങ്ങി തണുത്ത ശേഷം 25 ഗ്രാം തേൻ ചേർത്തു കഴിച്ചാൽ ശർദി ശമിക്കും.

3 ഇഞ്ചി നീരു്, നാരങ്ങാ നീരു്, കച്ചോലനീരു്, ഇവ സമം എടുത്തു് കുപ്പിയിലാക്കി അടുപ്പിന്റെ അടുത്തുവച്ചിരുന്നു് രാവിലെ കുട്ടികൾക്കു് ഒരു സ്പൂൺ വീതം പഞ്ചസാര ചേർത്തു് കൊടുത്താൽ ഉദരരോഗങ്ങൾ ശമിക്കും.



# IS GOD YOUR PRIORITY ?

## St. Mattew ch 10: 37-40

**George P. Koshy Punnapuzha**

This chapter as a whole provides an insight on a dutiful christian's life. The above mentioned verses are spoken by our Lord and Saviour Jesus Christ to the apostles.

These verses deal clearly on the subject "who are worthy of the Lord". They also tell us that Jesus must be a faithful Christian's priority.

What is meant by priority? It can be defined as the thought or action in our mind everytime of the day. Or what we think of while going to bed, getting up from bed and that which is always with us during the day. This is our priority.

Priority varies from person to person. For some it can be money others, luxury, others, someone dear. etc..., In all these cases the person does not truly love god. A person who has truly decided to follw Jesus will take up his cross and leave behind his other prorities. A Christian who does not have Jesus as his priority has lost a good bond or fellowship with Jesus.

For those who have Jesus as their prority I have nothing to say except to spread the good word around. But for those who do not have Jesus as his or her priority. I beseech you to give up all priorities and take Jesus as your priority and experience God's grace. We will have to forsake certain things to earn God's grace But as John 3:16 says God gave his only begotten son. If God would give something so great, I really wonder why we can't give up something so small that this world gives us in return for a place in Heaven.

Dear Brothers and Sisters in Christ, I beseech you to think over carefully on what is your priority, and if it is not Jesus. I pray you to take up Jesus as your priority.

May the Lord God help you to attain this.

# ഭദ്രാസന വാർത്തകൾ

## മർത്തമറിയം വനിതാ സമാജം

### പുത്തൻകാവ്

പുത്തൻകാവ് ഡിസ്ട്രിക്ട് മർത്തമറിയം വനിതാസമാജം ബാലികാസമാജം എന്നിവയുടെ ഏകോപിച്ചുള്ള സമ്മേളനം പുത്തൻകാവ് സെ. മേരീസ് കത്തീഡ്രലിൽ വച്ച് ബഹുമാനപ്പെട്ട വികാരി Rev. വി.സി. ഏബ്രഹാം മിഖായേൽ ഗബ്രിയേൽ കോർ എപ്പിസ്കോപ്പായുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീമതി മേരിതോമസ് സ്വാഗതം ആശംസിച്ചു. റവ. ഫാ. മാത്യു തോമസ് യേശുക്രിസ്തുവിന്റെ ദൈവത്വത്തെപ്പറ്റി ക്ലാസെടുത്തു. നമ്മുടെ ഭദ്രാസനത്തിലെ ആഭ്യന്തര സുവിശേഷ ജനറൽ സെക്രട്ടറി ശ്രീമാൻ കെ.ഇ.ഏബ്രഹാം, വനിതാസമാജം ജനറൽ സെക്രട്ടറി ശ്രീമതി കുഞ്ഞൂഞ്ഞമ്മ മാമ്മൻ ബാലികാ സമാജം ജനറൽ സെക്രട്ടറി അന്നമ്മ കോശി എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് സെക്രട്ടറി ശ്രീമതി അമ്മുക്കുട്ടി തോമസ് കൃതജ്ഞത രേഖപ്പെടുത്തി.

### അദ്ധ്യാപക ഏകദിന സമ്മേളനം

പുത്തൻകാവ് ഡിസ്ട്രിക്ട് സൺഡേ സ്കൂൾ അദ്ധ്യാപക ഏകദിന സമ്മേളനം 1990 ജൂലൈ മാസം 22-ാം തീയതി ഞായറാഴ്ച ആറാട്ടുപുഴ സെൻറ് ജോർജ്ജ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ ആറാട്ടുപുഴ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി അങ്കണത്തിൽ വച്ചു ഇടവക വികാരി റവ. ഫാ. പി. ജെ. ജോസഫ് അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ചെങ്ങന്നൂർ ഭദ്രാസനാധിപൻ നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനാനന്തരം ലഘുഭക്ഷണം കഴിഞ്ഞ് കോഴിമല ദയറായിലെ സിസ്റ്റർ സെലീൻ 7ഉം 8ഉം ക്ലാസ്സിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി ഒരു മോഡൽ ക്ലാസ്സെടുത്തു. അതിനുശേഷം ബിസിനസ് മീറ്റിംഗ് ആരംഭിച്ചു. പുത്തൻകാവ് St.മേരീസ് സ. സ്കൂൾ ഹെഡ്മാസ്റ്റർ കെ. കെ. ജോർജ്ജിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ഉച്ചഭക്ഷണം കഴിഞ്ഞ് 2 മണിക്കു പൊതുയോഗം ആരംഭിച്ചു. ആറാട്ടുപുഴ സെ. ജോർജ്ജ് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ഈപ്പൻ വറുഗീസ് B. A. സദസ്യർക്കു സ്വാഗതം പറഞ്ഞു. അഭിവന്ദ്യ തിരുമേനി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു് വിജ്ഞാന പൂർണ്ണമായ ഒരു പ്രസംഗം ചെയ്തു.

അദ്ധ്യക്ഷന്റെ ഉപക്രമ പ്രസംഗത്തിനു ശേഷം ഡി. ഇൻസ്പെക്ടർ അഡ്വ. പി. ഈ. വർക്കി കഴിഞ്ഞ വർഷത്തെ സമ്മേളന റിപ്പോർട്ട് വായിച്ചു.



അതിനുശേഷം സൺഡേ സ്കൂൾ ഡയറക്ടർ ജനറൽ വെ. റവ. സി. വി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ ചെങ്ങന്നൂർ ഭദ്രാസന ഡയറക്ടർ ശ്രീ. ടി. ജോൺ മാ[illegible] ആഭ്യന്തര സുവിശേഷ സംഘം ജനറൽ സെക്രട്ടറി ശ്രീ. കെ.ഈ. ഏബ്രഹാം നിയുക്ത മെത്രാൻ വെ. റവ. പി.എം. കുറിയാക്കോസ് റമ്പാൻ, കേന്ദ്ര ഓഫീസ് സെക്രട്ടറി സി. യു. മാത്യു എന്നിവർ പ്രസംഗിച്ചു. അദ്ധ്യാപക പ്രതിനിധി ഡോ. ഫിലിപ്പ് എം.വറുഗീസ് കൃതജ്ഞതാ പ്രകടനം നടത്തി.

സൺഡേ സ്കൂൾ കവർ പിരിവിനു ചെങ്ങന്നൂർ ഭദ്രാസനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആറാട്ടുപുഴ സെൻറ് ജോർജ്ജ് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർക്കു കേന്ദ്രത്തിൽ നിന്നുള്ള സമ്മാനം നൽകപ്പെട്ടു. പൊതുവിജ്ഞാനത്തിനു മലങ്കര അടിസ്ഥാനത്തിൽ രണ്ടാം സ്ഥാനം നേടിയ ഇടനാട് സെൻറ് മേരീസ് സൺഡേ സ്കൂളിലെ ഷിബു ജോർജിനു കേന്ദ്രത്തിൽ നിന്നുള്ള സമ്മാനം കൊടുത്തു. ഡിസ്ട്രിക്ട് തലത്തിൽ പാഠ്യ പാഠ്യേതര മത്സരങ്ങളിൽ 1ഉം 2ഉം സ്ഥാനത്തിനു അർഹരായിട്ടുള്ളവർക്കു സമ്മാനങ്ങളും 10-ാം ക്ലാസ്സ് പാസായവർക്കു സർട്ടിഫിക്കേറ്റുകളും നൽകപ്പെട്ടു. ഡിസ്ട്രിക്ട് തലത്തിൽ 10-ാം ക്ലാസ്സിൽ 1ഉം 2ഉം സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കു ഡി. ഇൻസ്പെക്ടർ സ്വന്ത നിലയിൽ കൊടുക്കുന്ന 101 രൂപായും ഒരു ബൈബിളും, 51 രൂപായും ഒരു പുതിയ നിയമ സങ്കീർത്തനവും ഇടനാട് സെൻറ് മേരീസ് സൺഡേ സ്കൂളിലെ ഷിബു ജോർജിനും, ആറാട്ടുപുഴ സെൻറ് ജോർജ്ജ് സൺഡേ സ്കൂളിലെ ബിന്ദു ജോർജിനും നൽകപ്പെട്ടു.

പ്രാർത്ഥനയും മംഗളഗാനവും കഴിഞ്ഞ് 5 മണിക്ക് മീറ്റിംഗ് സമംഗളം പര്യവസാനിച്ചു.
ചായസൽക്കാരം കഴിഞ്ഞു പിരിഞ്ഞു

### പരുമല

ബാലികാ സമാജത്തിന്റെ 1990-ലെ വാർഷിക ക്യാമ്പ് മെയ് 28 മുതൽ 31 വരെ പരുമല ധ്യാന മന്ദിരത്തിൽ നടന്നു. 165 കുട്ടികൾ സംബന്ധിച്ചിരുന്നു. തദവസരത്തിൽ മാന്തളിർ സെൻറ് തോമസ് ചാപ്പൽ ഇടവകാംഗമായ ഗ്രെയ്സൻ മാത്യുവിനെ ഭദ്രാസന ബാലികാ സമാജം പ്രതിനിധിയായി തെരഞ്ഞെടുക്കുകയുണ്ടായി.

### ചെങ്ങന്നൂർ

ഭദ്രാസന ബാലികാ സമാജങ്ങളുടെ സെക്രട്ടറിമാരുടെ മീറ്റിംഗും ധ്യാനയോഗവും ഓഗസ്റ്റ് 25-ാം തീയതിയും ഡിസ്ട്രിക്ട് തല മത്സരങ്ങളും ഭദ്രാസന മത്സരങ്ങളും ഒക്ടോബർ മാസത്തിലും വാർഷികം നവംബർ മാസത്തിലും നടത്തുന്നതാണെന്ന് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീമതി അന്നമ്മ കോശി അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## ചെങ്ങന്നൂർ

'ബഥേൽ പത്രിക' പത്രാധിപ സമിതി യോഗം 30-7-90-ൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. അഡ്വ. ചാണ്ടപ്പിള്ളയ്ക്കു പകരം ശ്രീ മാമ്മൂട്ടിൽ ജേക്കബിനെ സമിതി അംഗമായി നിയമിച്ചു. അദ്ദേഹം സർക്കുലേഷൻ മാനേജരുടെ സഹായികൂടി ആയിരിക്കും. റവ. ഫാ. പി. സി. തോമസിനെ ജോയിൻറ് ചീഫ് എഡിററായും നിയമിച്ചു.

## പുലിയൂർ

അദ്ധ്യാത്മീക സംഘടനയുടെ ആഭിമുഖ്യത്തിലുള്ള ഉപവാസധ്യാന യോഗം ഓഗസ്റ്റ് 11-ന് പുലിയൂർ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തുന്നതാണ്.

## ആരോഗ്യപംക്തി

# മദ്യവും മനുഷ്യനും

**ഡോ. തോമസ് വറുഗീസ് MBBS. DPH.**

### മദ്യപാനവും അതിൻെറ ദൂഷ്യ വശങ്ങളും

സമൂഹത്തിൻെറ തീരാശാപമാണ് മദ്യപാനം. മദ്യപാനം മൂലം എത്ര കുടുംബങ്ങളാണ് നശിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. വൈപ്പിൻ സംഭവത്തിൻെറ മുറിവുകൾ ഇതുവരെ ഉണങ്ങിയിട്ടില്ല, മദ്യപാനം ഒരു ശീലമോ സമൂഹത്തിൻെറ ഫാഷനോ ആയി തീർന്നിരിയ്ക്കുന്നു.

ഇതിൻെറ ദൂഷ്യഫലങ്ങളെക്കുറിച്ച് നോക്കാം.

1 മാററാനാവാത്ത അവസ്ഥ (അഥവാ addiction)

2 സിറോസിസ്സ് ലിവർ (കരൾ സംബന്ധമായ രോഗങ്ങൾ)

3 ബുദ്ധി മന്ദത (dimentia)

4 വയററിൽ വെള്ളം പോലെയുള്ള ദ്രാവകം കെട്ടികിടക്കുന്ന അവസ്ഥ (Ascites)

5 ഹൃദയ സംബന്ധമായ അസുഖങ്ങൾ (Heart attack, Cardiac failure etc)

ഇതെങ്ങനെ തുടങ്ങുന്നുവെന്നു നോക്കാം—

ബാല്യത്തിൽ നിന്നും കൗമാരത്തിലേക്കു കടക്കുന്ന കോളജ് വിദ്യാർത്ഥികൾ, ചിലർ, അച്ഛനമ്മമാരുടെ ക്ലബ് രീതികളിൽ നിന്നും ഫാഷൻ ഭ്രമത്തിൽ നിന്നും ഫിലിമുകളിൽ നിന്നും സിനിമയിലെ ദൂഷ്യ വശങ്ങൾ കോപ്പിയടിക്കുന്നതുമൂലം ഇതു് സംഭവിയ്ക്കുന്നു. ററിവി, റേഡിയോ, ഇവയിലെ പരസ്യമായാ പ്രപഞ്ചങ്ങൾ സൃഷ്ടിയ്ക്കുന്ന മായാവലയങ്ങൾ മൂലം പാശ്ചാത്യരുടെ നല്ലവശങ്ങൾ സ്വീകരിക്കാ (ഫാമിലിപ്ലാനിംഗ് വ്യവസായവൽക്കരണം,



തുടങ്ങിയവ) തെ, ചീത്തവശങ്ങൾ (മദ്യപാനം) സ്വീകരിക്കുന്നതുമൂലം തുടങ്ങുന്നു.

health education (ആരോഗ്യ ബോധവൽക്കരണം) ൻെറ അഭാവം സ്കൂളുകൾ തൊട്ടു കാണുന്നു. പല കാര്യങ്ങളും ചർച്ചകളിലും ക്ലാസുകളിലും പഠിപ്പിക്കാതിരിക്കുന്ന അവസ്ഥ കാണുന്നു. Blade is used for suicide but we do not ban it, Similarly Education about all subjects is needed. (Ghosh – PublicHealth Text Book)

Morphene, Amphetamine, Cocane, Heroin, തുടങ്ങിയവയുടെ ഉപയോഗം നിർത്താൻ സാധിക്കയില്ല തുടങ്ങിയാൽ അതിനാൽ ഇവയെപ്പററി സൺഡേ സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തുന്ന കാര്യം ചിന്തിക്കേണ്ടതാണ്.

മദ്യപാനത്തെപ്പററി ചിന്തിക്കുമ്പോൾ പാശ്ചാത്യർ പെഗ്ഗ് ഒരു ദിവസം എന്ന കണക്കിനാണ് തണുപ്പു രാജ്യങ്ങളിൽ ഉപയോഗിക്കാറുള്ളത്.

നമ്മളിൽ മദ്യം ഉപയോഗിയ്ക്കുന്ന ശീലം ഉള്ളവർ കുപ്പി കണക്കിനാണ് ഉപയോഗിക്കുന്നത് Methyl alcohol പോലും മായം ആയി പലതിലും ചേർക്കുന്നുണ്ടെന്നാണ് കേഴവി, മദ്യത്തിൻെറ അടിമയായി കഴിഞ്ഞാൽ നിർത്താൻ ബുദ്ധിമുട്ടാണ്. വിദൂരവശങ്ങളായി വിറയൽ, hallucination(കാണാത്തതു കാണുക, കണ്ടതു് മറെറാന്നായി തോന്നുക, റേഡിയോയിൽ കൂടി സംസാരിക്കുന്നതായി തോന്നുക, അശരീരികൾ കേൾക്കുന്നതായി തോന്നുക) ഞരമ്പു സംബന്ധമായ രോഗങ്ങൾ അവസാനം മരണം തീർച്ചയാണ് (heart attack, heart failure മൂലം)

ഇതിനെന്താണ് പ്രതിവിധി എന്നു നോക്കാം ?

1 വ്യക്തികൾ വിചാരിച്ചാലെ ഇതു തടയാൻ സാദ്ധ്യമാകുകയുള്ളു

2 മദ്യപാനം മൂലം അലസത കൂടുകയേയുള്ളു.

3 ക്ലബുകൾ കോൺഫറസ് നടത്തുമ്പോൾ മദ്യം ഉപയോഗിക്കുകയില്ലെന്നു തീരുമാനിക്കണം.

4 60% ദാരിദ്രരേഖയ്ക്കു താഴെയുള്ള ഇന്ത്യയിൽ 15 മില്യൻ കുട്ടികൾ ഹോട്ടലുകളിലും, പണിശാലകളിലും ജോലി ചെയ്യുന്നുവെന്ന് സ്ഥിതി വിവര കണക്കുകൾ പറയുന്നു. അതിനാൽ ക്രിസ്തീയ സമൂഹം ഈകാര്യത്തിന് മാതൃക കാണിയ്ക്കണം. മദ്യം ഒരു ധൂർത്താണ് എന്നുള്ള ബോധം സൺഡേ സ്കൂളുകളിൽ വച്ച് തന്നെ ബോധവൽക്കരണം തുടങ്ങണം.

5 സന്നദ്ധ സംഘടനകളോടൊപ്പം (Redcross, Y.M.C.A.,FPAS Scouts, NSS, NCC) സഭയും കൂട്ടായി മുമ്പോട്ടുവരണം. ഈ കാര്യത്തിൽ നമുക്ക് കൂട്ടുത്തരവാദിത്വമാണുള്ളത് (Collective Responsibility)

പെട്ടെന്നൊരു വിരാമം ഒന്നിനും സാദ്ധ്യമാവുകയില്ലെങ്കിലും ഒരു തുടക്കത്തിന് സഭയിലെ അംഗങ്ങൾക്ക് നേർവഴി കാട്ടാം.

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## ചീഫ് എഡിററുടെ കത്ത്

പ്രിയ സുഹൃത്തുക്കളെ,

ചെങ്ങന്നൂർ ഭദ്രാസനത്തിൻെറ ഔദ്യോഗിക ജിഹ്വയായ ''ബഥേൽ പത്രിക'' നാലാം വയസ്സിലേക്ക് പ്രവേശിക്കുവാൻ ഏതാനും മാസങ്ങൾ കൂടി പിന്നിട്ടാൽ മതി. നമ്മുടെ ഭദ്രാസനത്തിൻെറ ഒരു പ്രസിദ്ധീകരണം എന്നതിൽ കവിഞ്ഞ് ഭദ്രാസനാധിപൻെറ ഒരു സ്വപ്ന പുത്രി എന്നു വേണം നാം ഇതിനെ കരുതുവാൻ. ഒരു ഇടയനും തൻെറ ആടുകൾക്കും മദ്ധ്യേ നാം ദർശിക്കുന്ന ആശയ വിനിമയത്തിലുള്ള വിടവു നികത്തുവാൻ മതിയായ ഒരു മാദ്ധ്യമമാണല്ലോ ഇതു്. ബാലാരിഷ്ടതയുടെ പിടിയിൽ ഇപ്പോഴും കഴിയുന്ന ഒരു ശിശുവിനോടെന്നപോലും സഹൃദയരായ വായനക്കാരുടെ ഇതിനോടുള്ള സമീപനം എപ്പോഴും സൃഷ്ടിപരമായ വിമർശനങ്ങളും വിലപ്പെട്ട നിർദേശങ്ങൾ കൊണ്ടും നമ്മുടെ പ്രസിദ്ധീകരണത്തെ പുഷ്ടിപ്പെടുത്തേണ്ടതു് നാം ഏവരുടേയും കടമ മാത്രമാണ്. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും എല്ലാം പോരായ്മകൾ കണ്ടേക്കാം. അവ പരിഹരിക്കുവാൻ മാന്യ വായനക്കാരുടെ പ്രതികരണത്തിലൂടെ മാത്രമേ സാദ്ധ്യമാകു എന്നാണ് മാസികാ പ്രവർത്തകരുടെ അടിയുറച്ച വിശ്വാസം. വായനക്കാരുടെ ആത്മീക പുരോഗതിക്ക് ഊന്നൽ നൽകുന്ന ഒരു പ്രസിദ്ധീകരണമാകയാൽ ഉന്നതന്മാരായ വേദശാസ്ത്രപണ്ഡിതന്മാരുടെ സഹായസഹകരണങ്ങൾ ലഭിക്കുന്നതാണ്. ഈ അവസരത്തിൽ വിടരുവാൻ വെമ്പൽ കൊള്ളുന്ന പൂമൊട്ടുകളെ വിസ്മരിക്കുന്നില്ല. അവർക്കും മതിയായ ഒരു വേദി ഒരുക്കുവാൻ ശ്രമിക്കുകയാണ്.

അതുകൊണ്ടു് കൂടുതൽ വരിക്കാരെ ചേർത്തും വരി സംഖ്യയിൽ കുടിശിഖ വരുത്തിയിട്ടുള്ളവർ കുടിശിക തീർത്തും നമ്മുടെ ഈ എളിയ പ്രസ്ഥാനത്തെ വിജയസോപാനത്തിലേക്ക് എത്തിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

കർത്തൃ നാമത്തിൽ നിങ്ങളുടെ വിശ്വസ്ഥൻ

ആഗസ്റ്റ് 1990. ററി. ജെ. മാത്യു

Printed and Published by Fr. P. G. George
on behalf of H. G. Thmoas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George